പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1735 03.05.2017 — ൽ മറുപടിക്ക്

# ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം പ്രാബല്യത്തിൽ വരുന്നതോടെ റേഷൻ വിതരണ സമ്പ്രദായത്തിൽ നിന്ന് മൊത്ത വ്യാപാരികൾ ഒഴിവാക്കപ്പെടുന്ന സാഹചര്യമുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്നാൽ ഉദ്യോഗസ്ഥ ലോബിയുടെ സഹായത്തോടെ വിവിധ ജില്ലകളിൽ റേഷൻ മൊത്തവ്യാപാരികൾ അവരുടെ അടുത്ത ബന്ധുക്കളുടെയും വിശ്വസ്തരുടെയും പേരിൽ നിലവിലുള്ള റേഷൻ കടകൾ വാങ്ങിക്കൂട്ടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) വാതിൽപ്പടി വിതരണ പ്രവർത്തനങ്ങൾ മുന്നേറുന്നതിനിടെ, സ്വകാര്യ മൊത്ത വിതരണ കേന്ദ്രങ്ങൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഇല്ല. |
| (ഡി) ഇല്ലെങ്കിൽ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായി റേഷൻ വിതരണ മേഖലയിൽ എന്തൊക്കെ പുതിയ നിയമങ്ങൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള വാതിൽപ്പടി വിതരണം കൊല്ലം ജില്ലയിൽ മാർച്ച് മാസത്തിൽ ആരംഭിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മെയ് മാസം മുതൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതാണ്. ബാക്കിയുള്ള ഏഴ് ജില്ലകളിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന പ്രകാരം റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ച് ആധാർ അധിഷ്ഠിതമാക്കി യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞുള്ള റേഷൻ വിതരണം, ജി.പി.എസ്. ട്രാക്കിംഗ്, ട്രാൻസ്പാരൻസി പോർട്ടൽ (ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് ഓൺലൈനിൽ പ്രദർശിപ്പിക്കുന്നത്), പരാതി പരിഹാര സംവിധാനം, സോഷ്യൽ ആഡിറ്റിംഗ്, വിജിലൻസ് കമ്മിറ്റി രൂപീകരണം തുടങ്ങിയ സംവിധാനങ്ങളാണ് പുതിയതായി റേഷൻ വിതരണ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ